ത്രസ്തോഽസ്മ്യഹം കൃപണവത്സല ദു:സഹോഗ്ര
സംസാരചക്രകദനാദ് ഗ്രസതാം പ്രണീത:
ബദ്ധ: സ്വകർമ്മഭിരുശത്തമ തേഽങ്ഘ്രിമൂലം
പ്രീതോഽപവർഗ്ഗശരണം ഹ്വയസേ കദാ നു (7-9-16)
മൌനവ്രതശ്രുത തപോഽധ്യയനസ്വധർമ്മ
വ്യാഖ്യാരഹോജപസമാധയ ആപവർഗ്ഗ്യാ:
പ്രായ: പരം പുരുഷതേ ത്വജിതേന്ദ്രിയാണാം
വാർത്താ ഭവന്ത്യുത ന വാത്ര തു ദാംഭികാനാം (7-9-46)

ഭയചകിതരായ ദേവവൃന്ദവും സ്വർഗ്ഗവാസികളും ഭഗവാനെ ദൂരെനിന്ന് പ്രകീർത്തിച്ചു. പ്രഹ്ലാദനാകട്ടെ ഭയലേശമില്ലാതെ ഭഗവാനെ സമീപിച്ച് ഇങ്ങിനെ പ്രാർത്ഥിച്ചു. "ഭഗവാനേ, ദേവവൃന്ദവും വിണ്ണവരും നിരന്തരം അവിടുത്തെ മഹിമയെ വാഴ്ത്തുന്നു. പക്ഷെ അങ്ങ് അവരുടെ ധനത്തേയോ, പാരമ്പര്യത്തേയോ, തപശ്ചര്യയേയോ, പ്രത്യക്ഷഭാവത്തേയോ, പഠിപ്പിനേയോ, ഊർജ്ജത്തേയോ, മഹിമയേയോ, സാമർത്ഥ്യത്തേയോ, ശക്തിയേയോ, നിപുണതയേയോ, ധൈര്യത്തേയോ, ബുദ്ധിയേയോ, യോഗശക്തിയേയോ നോക്കുന്നില്ല തന്നെ. അവിടുത്തെ പ്രസാദിപ്പിക്കാൻ ഭക്തിക്കു മാത്രമേ കഴിയൂ. മാത്രമല്ല, അവിടേക്ക് വാഴ്ത്തിപ്പാടുന്നതുകൊണ്ട് നേട്ടമൊന്നുമില്ല. ആരാണോ അവിടുത്തെ മഹിമയെ വർണ്ണിക്കുന്നത്, അവൻ മഹാനായി മാറുന്നു. സത്യമായ മുഖത്തിൽ ആഭരണങ്ങൾ അണിയുന്നതു കൊണ്ട്, കണ്ണാടിയിലെ പ്രതിബിംബം സൗന്ദര്യമേറിയതായി തോന്നും. ഭഗവൻ, അങ്ങയുടെ ക്രോധം അടക്കിയാലും. ആ ക്രോധത്തിൻെറ ലക്ഷ്യം സാധിച്ചു കഴിഞ്ഞിരിക്കുന്നു. ആളുകൾ ഭയത്തിൽനിന്നും രക്ഷനേടാനായി അവിടുത്തെ വാഴ്ത്തുകയാണ്. പക്ഷെ, എനിക്ക് അവിടുത്തെ യാതൊരു ഭയവുമില്ല, ദേവന്മാർക്കും സ്വർഗ്ഗവാസികൾക്കും ഉള്ളതുപോലെ. പക്ഷെ, നിരന്തരം ചുറ്റിത്തിരിയുന്ന ഈ ജനിമൃതിചക്രത്തിനെ എനിക്കു വലിയ ഭയം തന്നെയാണ്. എന്നാണെന്നെ അവിടുത്തെ പരമമുക്തിപ്രദമായ ആ താമരപ്പാദങ്ങളിൽ ചേർക്കുന്നത്? കൂടുവിട്ടു കൂടുമാറി പാർക്കുന്ന ഈ അലച്ചിൽ മതിയായി, ഭഗവാനേ. സത്സംഗം എപ്പോഴും ഉണ്ടാവാനായും അവിടുത്തെ മഹിമാവിശേഷങ്ങൾ കേൾക്കാനും പാടാനും വേണ്ട വിവേകവിജ്ഞാനം തന്ന് എന്നെ അനുഗ്രഹിച്ചാലും. അവിടുത്തെ കൃപയിൽ കവിഞ്ഞ് മറ്റൊരു രക്ഷകനോ മോക്ഷദായകനോ ഇല്ലതന്നെ. എന്തെല്ലാം ആരെല്ലാം എവിടെ, എങ്ങിനെ ചെയ്യുന്നുവോ അതെല്ലാം അവിടുന്നു തന്നെ. അവിടുത്തെ മായാശക്തിയാൽ സത്യത്തിന് ആവരണമിട്ടതുകൊണ്ട് ഇഹലോകം ഉൺമയാണെന്നു തോന്നിക്കുന്നു. അതുകൊണ്ട് അവിടേക്കു മാത്രമേ മായയിൽനിന്ന് ഞങ്ങളെ രക്ഷിക്കാനാവൂ. ദേവന്മാർ പോലും എൻെറ പിതാവിൻെറ ക്രോധത്തിനു മുൻപിൽ പേടിച്ചു വിറച്ചു. ആ ഹിരണ്യകശിപുവിനെ അങ്ങ് കാലപുരിക്കയച്ചു. എനിക്ക് ദേവസ്ഥാനമോ ബ്രഹ്മപദമോ ഒന്നും വേണ്ട. അവിടുത്തെ പാദങ്ങളിൽ എനിക്ക് അഭയമേകിയാലും. ഈ വിശ്വം മുഴുവൻ അവിടുത്തെ ഊർജ്ജമത്രെ. സൃഷ്ടാവ് അതിൽ നിന്നുണ്ടായി. അങ്ങയെ പ്രസാദിപ്പിച്ച് സൃഷ്ടാവ് വിശ്വസൃഷ്ടി നടത്തി. അപ്പോൾ മുതൽ അവിടുന്നാണ് വിശ്വത്തെ നിലനിർത്തി സംരക്ഷിക്കുന്നത്. പലേ രൂപത്തിൽ. മനുഷ്യനായും, ഉപമനുഷ്യനായും, ദേവനായുമെല്ലാം. മലിനമായ മനസ്സ് അവിടുത്തെ കഥകളിലും മഹിമാവർണ്ണനകളിലും ആനന്ദിക്കുന്നില്ല. അങ്ങിനെയുള്ള മനസ്സ് പലേ വിധത്തിൽ സംഭ്രാന്തമായിരിക്കും. ലൈംഗീകാവയവം മുതൽ നാവുവരെയും മറ്റ് ഇന്ദ്രിയങ്ങളും ഉദരവുമെല്ലാം മനസ്സിനെ അങ്ങോട്ടേക്കാകർഷിച്ചുകൊണ്ടിരിക്കുന്നു. ഇന്ദ്രിയങ്ങളുടെ ബന്ധനത്തിൽപ്പെട്ട് ആളുകൾ കാരാഗ്രഹത്തിലെന്ന പോലെ കഴിയുന്നു. അവിടുത്തെ കൃപയാൽ അവരെ രക്ഷിച്ചാലും. അവിടേയ്ക്ക് മാത്രമേ ശ്രമരഹിതമായി അതു ചെയ്യാനാവൂ. മൗനവ്രതം, തപസ്സ്, ധ്യാനം, സമാധി തുടങ്ങിയ സാധനകളൊന്നും അവിടുത്തെ കൃപയില്ലെങ്കിൽ വെറുമൊരു പൊങ്ങച്ചമോ ജീവസന്ധാനമാർഗ്ഗമോ മാത്രമാണ്. അതുകൊണ്ട് വിവേകി ഭക്തിയോഗം പരിശീലിക്കുന്നു. *നാരദൻ പറഞ്ഞു:* പ്രഹ്ലാദൻെറ മൂർദ്ധാവിൽ കൈവെച്ച് ഭഗവാൻ അനുഗ്രഹിച്ചു. ബ്രഹ്മാവിനോ ലക്ഷ്മിക്കോ പോലും ലഭിക്കാതിരുന്ന ഭാഗ്യമത്രെ അത്. ഭഗവാൻ പറഞ്ഞു: "ഞാൻ നിന്നിൽ സംപ്രീതനായിരിക്കുന്നു. എന്തു വരം വേണമെങ്കിലും ചോദിച്ചുകൊള്ളൂ." ഭക്തശിരോമണിയായ പ്രഹ്ലാദൻ നിശ്ശബ്ദനായി നിന്നതേയുള്ളൂ.